LIBRARY ARCHIVES Kerala Legislative Assembly

കേരള ഹൈക്കോടതിയിലെ നിയമനം

39 (3544) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ശമ്പളം നൽകുന്ന ജീവനക്കാരുടെ സേവന വ്യവസ്ഥകൾ സർക്കാർ ശ്രദ്ധിക്കാറുണ്ടോ;

(ബി) കേരള ഹൈക്കോടതിയിൽ ആകെ എത്ര സ്ഥിരം, താൽക്കാലിക ജോലിക്കാരുണ്ടെന്ന് ഇനം തിരിച്ച് അറിയിക്കുമോ;

(സി) ഏതൊക്കെ രീതിയിലാണ് ഇവിടെ നിയമനം നടത്തുന്നത്;

(ഡി) ന്യായാധിപൻമാർ നേരിട്ട് സ്ഥിരം നിയമനം നൽകിവരുന്നുണ്ടോ; ഇത്തരം ജീവനക്കാരുടെ ജോലി എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(ഇ) ഹൈക്കോടതി നിയമനം പി.എസ്.സി.ക്ക് വിടാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി&ഡി) ഹൈക്കോടതി സർവ്വീസ് റൂൾസ് 2007-ലെ വ്യവസ്ഥകൾ പ്രകാരമാണ് ഹൈക്കോടതിയിലെ നിയമനങ്ങൾ നടത്തുന്നത്.

(ഇ) ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 229 പ്രകാരം ഹൈക്കോടതിയിലേയ്ക്കുള്ള നിയമനാധികാരം ചീഫ് ജസ്റ്റിസിൽ നിക്ഷിപ്തമായതിനാൽ ആയതിൽ മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നില്ല.

പുനലൂർ സബ്കോടതിക്ക് ഭരണാനുമതി

40 (3545) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ സബ്കോടതികൾ അനുവദിക്കുവാൻ ഭരണാനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ പുനലൂർ സബ്കോടതിക്ക് ഭരണാനുമതി നൽകിയ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പുനലൂർ സബ്കോടതി അനുവദിക്കണം എന്ന സബ്മിഷന് ബഹു.മുഖ്യമന്ത്രി നൽകിയ മറുപടി പരിഗണിച്ച് ബഹു. ഹൈക്കോടതിയുടെ അംഗീകാരത്തോടെ സബ്കോടതിയുടെ പ്രവർത്തനം എന്ന് ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) കോടതി തുടങ്ങുന്നതിലേക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ പുനലൂർ ബാർ അസോസിയേഷൻ ഒരുക്കിയിട്ടുള്ളതായി അറിയിച്ചിട്ടുണ്ടോ; ആവശ്യമായ തസ്തികകൾ അനുവദിച്ചുകൊണ്ടുള്ള ക്യാബിനറ്റ് തീരുമാനം എടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ എത്ര തസ്തികകൾ പുതുതായി അനുവദിക്കണമെന്നും ആയതിന് എന്ന് അനുമതി നല്കുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) പുനലൂർ സബ്കോടതി ആരംഭിക്കുന്നതിനുള്ള ഭരണാനുമതി 19-11-2015 -ലെ സ.ഉ.(കൈ) 238/15/ആഭ്യന്തരം പ്രകാരം നൽകിയിട്ടുണ്ട്. 14 തസ്തികകൾ അനുവദിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു*.

(ബി & സി) കോടതി തുടങ്ങുന്നതിലേക്കുള്ള സൗകര്യങ്ങൾ പുനലൂർ ബാർ അസോസിയേഷൻ താൽക്കാലികമായി പുനലൂരിലെ മോട്ടോർ ആക്സിഡന്റ് ക്ലെയിം ട്രിബ്യൂണൽ പ്രവർത്തിക്കുന്ന കെട്ടിടത്തിൽ ഒരുക്കിയിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. 34 തസ്തികകൾ ഉണ്ടെങ്കിൽ മാത്രമേ കോടതി സുഗമമായി പ്രവർത്തിക്കുവാൻ സാധിക്കുകയുള്ളൂ എന്നും ആയതിനാൽ 20 തസ്തികകൾ കൂടി അനുവദിക്കണമെന്ന ഹൈക്കോടതിയുടെ ശിപാർശ 16-12-2015-ൽ സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ആയത് ധനകാര്യവകുപ്പുമായി ബന്ധപ്പെട്ട് പരിശോധിക്കുന്നതാണ്.

ആറ്റിങ്ങലിൽ കോടതി സമുച്ചയ നിർമ്മാണം

41 (T*3546) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ആറ്റിങ്ങലിൽ കോടതി സമുച്ചയ നിർമ്മാണത്തിന് എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്നും പ്രസ്തുത നിർമ്മാണ പ്രവർത്തനം എന്നത്തേയ്ക്ക് പൂർത്തിയാക്കാനാണ് തീരുമാനിച്ചിട്ടുള്ളതെന്നും പ്രസ്തുത കരാർ എടുത്തിരിക്കുന്നത് ആരാണെന്നും വ്യക്തമാക്കുമോ?

ഉത്തരം

ആറ്റിങ്ങലിൽ കോടതി സമുച്ചയ നിർമ്മാണത്തിന് 31-3-2012-ലെ സ.ഉ. (സാധാ) നമ്പർ 365/12/പൊ.മ.വ. പ്രകാരം 280 ലക്ഷം രൂപ അനുവദിച്ചു നൽകിയിരുന്നു. കൂടാതെ അഡീഷണൽ ബ്ലോക്കിന്റെ ബാക്കി പണി പൂർത്തീകരിക്കുന്നതിനും സമുച്ചയത്തിന്റെ മൂന്നാം നിലയും ഷീറ്റ് മേൽക്കൂരയും

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly